# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1266 03.10.2016 ൽ മറുപടിക്ക്

## മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കുവാനും നവീകരിക്കാനുമായി ചെലവഴിച്ച തുക

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ ഗവൺമെന്റ് ചുമതലയേറ്റ ശേഷം കവടിയാർ ഹൗസിന്റെ നവീകരണത്തിനും മോടിപിടിപ്പി-ക്കലിനുമായി ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ഈ ഗവൺമെന്റ് ചുമതലയേറ്റ ശേഷം കവടിയാർ ഹൗസിൽ അറ്റകുറ്റപ്പണി-കൾക്കായി 17,01,147/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മോടി പിടിപ്പിക്കുന്നതിന് യാതൊരു തുകയും ചെലവാക്കിയിട്ടില്ല. |
| (ബി) 2011 മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ കവടിയാർ ഹൗസിന്റെ നവീകരണത്തിനും മോടിപിടിപ്പി- ക്കലിനുമായി എത്ര രൂപ ചെലവഴിച്ചു; | (ബി) 2011 മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ കവടിയാർ ഹൗസിന്റെ നവീകരണത്തിനായി 14,40,914/- രൂപ സിവിൽ ജോലികൾക്കും, 3,13,734/- രൂപ ഇലക്ട്രിക്കൽ ജോലികൾക്കും ചെലവായിട്ടുണ്ട്. ഇവയ്ക്കുപുറമേ മോടിപിടിപ്പിക്കാൻ ഇക്കാലയളവിൽ ആകെ 4,07,482/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഈ ഗവൺമെന്റിന്റെ കാലയളവിൽ മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പി-ക്കുവാനും നവീകരിക്കാനുമായി ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) ഈ ഗവൺമെന്റിന്റെ കാലയളവിൽ മന്ത്രിമന്ദിരങ്ങളുടെ അറ്റകുറ്റപ്പണി-കൾക്കായി 30,31,750/- രൂപ സിവിൽ ജോലികൾക്കും, 6,86,100/- രൂപ ഇലക്ട്രിക്കൽ ജോലികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കർട്ടൻ, ഫർണിച്ചർ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി 5,30,961/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ